PETA
PEOPLE FOR THE ETHICAL TREATMENT OF ANIMALS

PETA India
PO Box 28260
Juhu, Mumbai 400 049
(22) 4072 7382
(22) 2636 7383 (fax)

Info@petaindia.org
PETAIndia.com

NEWS RELEASE

## കേരളത്തിലെ ക്ഷേത്രത്തിൽ ചലച്ചിത്ര നടി പാർവതി തിരുവോത്തിന്റെ പിന്തുണയോടെ നിർമ്മിച്ച ആദ്യ യന്ത്ര ആനയുടെ 'നടയിരുത്തൽ' ആഘോഷിക്കുന്നു

തൃശൂർ – ആനയെയോ മറ്റ് മൃഗങ്ങളെയോ ഒരിക്കലും വളർത്തുകയോ വാടകയ്ക്കെടുക്കുകയോ ചെയ്യില്ലെന്ന ഇരിഞ്ഞാടപ്പിള്ളി ശ്രീകൃഷ്ണ ക്ഷേത്ര അധികാരികളുടെ അഭിനന്ദനാർഹമായ പ്രതിജ്ഞയെ തുടർന്ന് അവാർഡ് ജേതാവായ ചലച്ചിത്ര നടി **പാർവതി തിരുവോത്തിന്റെ** പിന്തുണയോടെ പീപ്പിൾ ഫോർ എതിക്കൽ ട്രീറ്റ്മെന്റ് ഓഫ് ആനിമൽസ് (PETA) ഇന്ത്യ ജീവൻ തുടിക്കുന്ന മെക്കാനിക്കൽ അല്ലെങ്കിൽ "റോബോട്ടിക്" ആനയായ ഇരിഞ്ഞാടപ്പിള്ളി രാമനെ നടയിരുത്തുന്നു. ഇരിഞ്ഞാടപ്പിള്ളി രാമൻ ക്ഷേത്രത്തിലെ ചടങ്ങുകൾ സുരക്ഷിതമായി മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത ഒഴിവാക്കി നടത്താനും അതുവഴി യഥാർത്ഥ ആനകളുടെ പുനരധിവാസത്തിനും വനജീവിതത്തിനും പിന്തുണ നൽകാനും അവരെ അടിമത്തത്തിന്റെ ഭീകരത അവസാനിപ്പിക്കാനും സഹായിക്കും. ഇന്ന് നടന്ന ഉദ്ഘാടന ചടങ്ങിൽ പെരുവനം സതീശൻ മാരാരുടെ നേതൃത്വത്തിലുള്ള താളവാദ്യസംഘം ചെണ്ടമേളം അവതരിപ്പിച്ചു. ജീവനുള്ള ആനകളെ ചെവികളിൽ അത്യധികം ഉച്ചത്തിലുള്ള ശബ്ദം കേൾപ്പിക്കുന്നത് വളരെ ക്രൂരമാണ്, കാരണം അത് ജീവനുള്ള ആനകൾക്ക് ഹാനികരവും ദുരിതം നൽകുന്നതാണ്.

**മെക്കാനിക്കൽ ആനയുടെ ഫോട്ടോകളും വീഡിയോയും ഇവിടെ ലഭ്യമാണ്.**

“ഇക്കാലത്ത്, മനുഷ്യർ വിനോദത്തിനായി മൃഗങ്ങളെ ഉപയോഗിക്കുമ്പോൾ അവ എന്തെല്ലാം സഹിക്കാൻ നിർബന്ധിതരാകുന്നുവെന്ന് നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. ഇത്തരം ദുരുപയോഗം തടയുന്നതിനും മൃഗങ്ങളെ മാന്യവും മൂല്യവത്തായതുമായ ജീവിതം നയിക്കാൻ അനുവദിക്കുന്നതിനുമായി നമ്മൾ കൂടുതൽ ശക്തവും കാര്യക്ഷമവുമായ മുന്നേറ്റം നടത്തേണ്ട സമയമാണിത്, പാർവതി പറയുന്നു. "അഹിംസാത്മകവും ആവേശകരവും ആധുനികവും മനുഷ്യത്വപരവുമായ രീതിയിൽ മതപരമായ ചടങ്ങുകളുടെ സന്തോഷവും പവിത്രതയും അനുഭവിക്കാൻ ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ആരാധകരെ സഹായിക്കുന്നതിൽ PETA ഇന്ത്യയെ പിന്തുണയ്ക്കാനായതിൽ എനിക്ക് സന്തോഷമുണ്ട്."

ആചാരാനുഷ്ഠാനങ്ങളും ഉത്സവങ്ങളും ക്രൂരതകളില്ലാതെ നടത്താൻ സഹായിക്കുന്ന ഈ ആനയെ ലഭിച്ചതിൽ അതിയായ സന്തോഷവും നന്ദിയും ഉണ്ടെന്നും ആചാരങ്ങൾക്കായി ജീവനുള്ള ആനകളെ ഉപയോഗിക്കുന്നത് മാറ്റുന്നതിനെക്കുറിച്ച് മറ്റ് ക്ഷേത്രങ്ങളും ആലോചിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നു ക്ഷേത്രം മേൽശാന്തി രാജ്കുമാർ നമ്പൂതിരി പറഞ്ഞു."

കേരളത്തിലുൾപ്പെടെ രാജ്യത്ത് തടങ്കലിൽ കഴിയുന്ന ഒട്ടുമിക്ക ആനകളെയും അനധികൃതമായി തടവിലാക്കുകയോ അനുമതിയില്ലാതെ മറ്റൊരു സംസ്ഥാനത്തേക്ക് കൊണ്ടുപോകുകയോ ചെയ്തുവരുന്നു. ആനകൾ മനുഷ്യന്റെ നിയന്ത്രണങ്ങളെ മനസ്സോടെ അനുസരിക്കാത്ത വന്യമൃഗങ്ങളായതിനാൽ, സവാരികൾക്കും ചടങ്ങുകൾക്കും പല അഭ്യാസങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി, കഠിനമായ ശിക്ഷകൾ നൽകിയും തല്ലിയും ലോഹമുനയുള്ള കൊളുത്തുള്ള ആയുധങ്ങൾ ഉപയോഗിച്ചും പരിശീലിപ്പിച്ചെടുക്കുകയും നിയന്ത്രിക്കുകയുമാണ് ചെയ്യുന്നത്.മണിക്കൂറുകളോളം കോൺക്രീറ്റ് തറയിൽ ചങ്ങലയിൽ കെട്ടിയിട്ടിരിക്കുന്നതിനാൽ പല ആനകൾക്കും വളരെ വേദനാജനകമായ രോഗങ്ങളും കാലിലെ മുറിവുകളുമുണ്ട്, മാത്രമല്ല മിക്കവയ്ക്കും വേണ്ടത്ര ഭക്ഷണമോ വെള്ളമോ വെറ്റിനറി പരിചരണമോ ലഭിക്കുന്നില്ല, ഇവയ്ക്ക് ഇവയുടെ സ്വാഭാവിക ജീവിതത്തിന്റെ ചെറിയ സാദൃശ്യമുള്ള ചുറ്റുപാടുകൾ പോലുമില്ല.

തളച്ചിട്ട് പീഡിപ്പിക്കുന്നതിന്റെ നിരാശ ആനകളിലെ അസാധാരണമായ പെരുമാറ്റത്തിനു ഇടയാക്കുന്നു. അവയുടെ സഹനീയമായ പരിധിയുടെ അവസാനം, നിരാശരായ ആനകൾ പലപ്പോഴും അക്രമാസക്തരാകുകയും സ്വതന്ത്രരാകാൻ ശ്രമിക്കുകയും ചെയ്യുന്നു, ഇത് മനുഷ്യർക്കും, മറ്റ് മൃഗങ്ങൾക്കും സ്വത്തവകകൾക്കും എല്ലാം ദോഷം ചെയ്യുന്നു. ഹെറിറ്റേജ് ആനിമൽ ടാസ്ക് ഫോഴ്സ് തയ്യാറാക്കിയ കണക്കുകൾ പ്രകാരം 15 വർഷത്തിനിടെ കേരളത്തിൽ ബന്ദികളാക്കിയ ആനകൾ മൂലം 526 ജീവനുകളാണ് പൊലിഞ്ഞത്.40 വർഷത്തോളമായി തടവിൽ തുടരുന്ന തെച്ചിക്കാട്ടുകാവ് രാമചന്ദ്രൻ, കേരളത്തിലെ ഉത്സവ

Affiliates:
- PETA Asia
- PETA Australia
- PETA Foundation (UK)
- PETA France
- PETA Germany
- PETA Netherlands
- PETA US

Registered Office:
F-110, 1st Floor, Jagdamba Tower
Plot No 13, Community Centre
Preet Vihar, New Delhi
110 092

പറമ്പുകളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ആനകളിൽ ഒന്നാണ്, ഈ ആന ആറ് പാപ്പാൻമാരെയും നാല് സ്ത്രീകളെയും മൂന്ന് ആനകളെയും ഉൾപ്പടെ 13 കൊലപാതങ്ങൾക്ക് കാരണമായതായി റിപ്പോർട്ടുകൾ പറയുന്നു .

ആനകളെ ഉപയോഗിക്കുന്ന എല്ലാ വേദികളും ഇവന്റുകളും യഥാർത്ഥ ആനകളുടെ സ്ഥാനത്ത് ഇത്തരത്തിലുള്ള മെക്കാനിക്കൽ ആനകളെയോ മറ്റ് മാർഗങ്ങളോ സ്വീകരിക്കാൻ PETA ഇന്ത്യ പ്രോത്സാഹിപ്പിക്കുന്നു. ഇപ്പോഴും തടങ്കലിൽ തുടരുന്ന ആനകളെ സങ്കേതങ്ങളിലേക്ക് തിരികെയെത്തിക്കണമെന്നും വാദിക്കുന്നു, അവിടെ അവയ്ക്ക് ചങ്ങലയില്ലാതെ ജീവിക്കാനാകും. മറ്റ് ആനകളുടെ കൂട്ടത്തിൽ ചേർന്ന് കൊണ്ട് വർഷങ്ങളോളം സഹിച്ച ഒറ്റപ്പെടലിന്റെയും തടവിന്റെയും പീഡനത്തിന്റെയും ആഘാതത്തിൽ നിന്ന് മാനസികമായും ശാരീരികമായും സുഖം പ്രാപിക്കാനും സാധിക്കും.

PETA India - അതിന്റെ മുദ്രാവാക്യം ഭാഗികമായി സൂചിപ്പിക്കുന്നത് , " മൃഗങ്ങൾ നമ്മൾക്ക് വിനോദത്തിനായോ മറ്റെന്തെങ്കിലും വിധത്തിലോ ദുരുപയോഗം ചെയ്യാനുള്ളവയല്ല" എന്നാണ്, ഇത് സ്പീഷിസത്തെയും മനുഷ്യ-മേധാവിത്വ ലോകവീക്ഷണത്തെയും എതിർക്കുകയും ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക്, ദയവായി **PETAIndia.com** സന്ദർശിക്കുക. **ടിറ്റർ, ഫേസ്ബുക്ക്** അല്ലെങ്കിൽ **ഇൻസ്റ്റാഗ്രാം** എന്നിവയിലെ ഞങ്ങളുടെ ഗ്രൂപ്പ് ഫോളോ ചെയ്യുക

**കോണ്ടാക്റ്റ്:**
ഹിരാജ് ലാൽജാനി 9619167382; HirajL@PETAindia.org
സംസ്കൃതി ബൻസോർ 9167913782; SanskritiB@PETAindia.org

#

PEOPLE FOR THE ETHICAL TREATMENT OF ANIMALS

PETA India
PO Box 28260
Juhu, Mumbai 400 049
(22) 4072 7382
(22) 2636 7383 (fax)

Info@petaindia.org
PETAIndia.com

NEWS RELEASE

Affiliates:
• PETA Asia
• PETA Australia
• PETA Foundation (UK)
• PETA France
• PETA Germany
• PETA Netherlands
• PETA US

Registered Office:
F-110, 1st Floor, Jagdamba Tower
Plot No 13, Community Centre
Preet Vihar, New Delhi
110 092